പതിനഞ്ചാം കേരള നിയമസഭ
രണ്ടാം സമ്മേളനം
ബഹു സ്പീക്കറുടെ റൂളിംഗ്

02-08-2021

(5) ഔദ്യോഗിക സ്ഥാനപ്പേരിൽ വന്ന വ്യത്യാസം

2021 ആഗസ്റ്റ് 2-ാം തീയതി സബ്മിഷനുശേഷം, ശ്രീ. കെ. കൃഷ്ണൻ കുട്ടിയുടെ സ്ഥാനപ്പേര് 'ഊർജ്ജ വകുപ്പുമന്ത്രി' എന്നും 'വൈദ്യുതി വകുപ്പുമന്ത്രി' എന്നും വ്യത്യസ്തങ്ങളായി നിയമസഭാ-ഔദ്യോഗിക രേഖകളിൽ പ്രസിദ്ധീകരിക്കുന്നത് ചട്ടവിരുദ്ധമായതിനാൽ അത് തിരുത്തണമെന്നും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നിർദ്ദേശം നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഔദ്യോഗിക പദവി സൂചിപ്പിക്കുന്ന പരാമർശങ്ങളിൽ പിശകുകൾ കടന്നുകൂടാതെ തന്നെയാണ് നിയമസഭാരേഖകളിൽ ഉപയോഗിച്ചുവരുന്നത്. എന്നാൽ പുതിയ മന്ത്രിസഭ നിലവിൽ വന്നതിനെത്തുടർന്ന് മന്ത്രിമാരുടെ വകുപ്പുകൾ നിശ്ചയിച്ചുകൊണ്ട് പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ ഇംഗ്ലീഷിലായതിനാലാണ്

---

'Minister for Electricity' എന്നത് 'ഊർജ്ജ വകുപ്പുമന്ത്രി' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനിടയായത്. തുടർന്ന്, പൊതുഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരം മലയാളത്തിൽ 'വൈദ്യുതി വകുപ്പുമന്ത്രി' എന്ന് വ്യക്തത വരുത്തിയ സാഹചര്യത്തിൽ നിയമസഭാ രേഖകളിൽ ഇപ്പോൾ 'വൈദ്യുതി വകുപ്പുമന്ത്രി' എന്നാണ് ഉപയോഗിച്ചുവരുന്നത്. പ്രകടമായ അർത്ഥവ്യത്യാസമില്ലെങ്കിൽപ്പോലും ഭാവിയിൽ ഇത്തരം പിശകുകൾ സംഭവിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.